**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3757** **23.08.2017 ൽ മറുപടിയ്ക്ക്**

**<u>സ്റ്റേഡിയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>**

**ചോദ്യം** **മറുപടി**

ശ്രീ.എം. സ്വരാജ്

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സ്റ്റേഡിയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | എ) | സ്റ്റേഡിയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ താഴെ പറയും പ്രകാരം സ്വീകരിച്ചു വരുന്നുണ്ട്.<br>**<u>പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം</u>**<br>ഭാരതത്തിൽ ആദ്യമായി നടക്കുന്ന ഫിഫ അണ്ടർ-17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ക്വാർട്ടർ, പ്രീക്വാർട്ടർ ഉൾപ്പെടെ 8 മത്സരങ്ങൾക്ക് കേരളം ആതിഥ്യം വഹിക്കുകയാണ്. ആയതിലേയ്ക്കായുള്ള പരിശീലന വേദികളിൽ ഒന്നായി തിരഞ്ഞെടുത്ത പനമ്പിള്ളി നഗർ സ്പോർട്സ് സ്കൂൾ ഗ്രൗണ്ടിൽ ഫിഫയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ കൺസൾട്ടന്റായി കെ.എസ്.ഇ.ബി ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>**<u>ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം</u>**<br>ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്കും, നാച്ചറൽ ഫുട്ബോൾ ടർഫും നിർമ്മിക്കുന്നതിനായി 6 കോടി 55 ലക്ഷം രൂപയുടെയും, പാലക്കാട് മെഡിക്കൽ കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ ഫെൻസിംഗ് & ടർഫിംഗ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതു പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) | സ്റ്റേഡിയങ്ങൾ നല്ലരീതിയിൽ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ബി) | സ്റ്റേഡിയങ്ങൾ നല്ല രീതിയിൽ സംരക്ഷിച്ചു വരുന്നുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായുള്ള സ്റ്റേഡിയങ്ങൾ ലെഗസി പ്ലാൻ മുഖാന്തിരവും സംരക്ഷിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**